# മധുരമായ കുട്ടികളേ - കടുത്തതിലും കടുത്ത രോഗമാണ് ആരുടെയെങ്കിലും നാമ രൂപത്തിൽ കുടുങ്ങുക, അന്തർമുഖിയായി ഈ രോഗത്തെ പരിശോധിക്കൂ ഇതിൽ നിന്ന് മുക്തമാകൂ

**ചോദ്യം:-** നാമ-രൂപത്തിന്റെ രോഗത്തെ സമാപ്തമാക്കുന്നതിന്റെ യുക്തി എന്താണ്? ഇതിലൂടെ എന്തെന്തെല്ലാം നഷ്ടമാണ് ഉണ്ടാകുന്നത്?
**ഉത്തരം:-** നാമ-രൂപത്തിന്റെ രോഗത്തെ സമാപ്തമാക്കുന്നതിന് വേണ്ടി ഒരു ബാബയോട് സത്യം-സത്യമായ സ്നേഹം വയ്ക്കൂ. ഓർമ്മയുടെ സമയം ബുദ്ധി അലയുന്നുണ്ട്, ദേഹധാരിയിലേക്ക് പോകുന്നുണ്ടെങ്കിൽ ബാബയെ സത്യം സത്യമായി കേൾപ്പിക്കൂ. സത്യം പറയുന്നതിലൂടെ ബാബ മാപ്പു നൽകും. സർജനോട് അസുഖം മറച്ചുവെക്കരുത്. ബാബയെ കേൾപ്പിക്കുന്നതിലൂടെ ജാഗരൂകരാകും. ബുദ്ധി ആരുടെയെങ്കിലും നാമ രൂപത്തിൽ കുടുങ്ങിയിട്ടുണ്ടെങ്കിൽ ബാബയോട് ബുദ്ധി യോജിപ്പിക്കാൻ സാധിക്കില്ല. അങ്ങനെയുള്ളവർ സർവ്വീസിന് പകരം ഡിസ്സർവ്വീസ് ചെയ്യുന്നു. ബാബയുടെ നിന്ദ ചെയ്യിക്കുന്നു. ഇങ്ങനെയുള്ള നിന്ദകർ വളരെ കടുത്ത ശിക്ഷക്ക് ഭാഗമാകുന്നു.

**ഓം ശാന്തി**. ഇപ്പോൾ കുട്ടികൾക്കറിയാം ഓരോരുത്തർക്കും ബാബയിൽ നിന്ന് സമ്പത്ത് ലഭിക്കണം. സഹോദരന് സഹോദരനിൽ നിന്ന് ഒരിക്കലും സമ്പത്ത് ലഭിക്കുന്നില്ല അതുപോലെ സഹോദരനോ സഹോദരിക്കോ ആർക്കായാലും ഓരോരുത്തരുടെയും അവസ്ഥയെക്കുറിച്ചും അറിയില്ല. എല്ലാ വാർത്തകളും ബാപ്ദാദയുടെ അടുത്ത് വരുന്നു. ഇത് പ്രായോഗികമായി നടക്കുന്നതാണ്. ഓരോരുത്തർക്കും അവനവനെ നോക്കണം അതായത് ഞാൻ എത്രത്തോളം ഓർമ്മിക്കുന്നുണ്ട്? ആരുടെയെങ്കിലും നാമ-രൂപത്തിൽ ഏതുവരെ കുടുങ്ങിയിട്ടുണ്ട്? ആത്മാവായ എന്റെ വിചാരങ്ങൾ എവിടെ-എവിടെയെല്ലാം പോകുന്നുണ്ട്? ആത്മാവ് സ്വയം അറിയുന്നുണ്ട്, സ്വയത്തെ ആത്മാവെന്ന് തന്നെയാണ് മനസ്സിലാക്കേണ്ടത്. എന്റെ വിചാരം ഒരു ശിവബാബയിലേക്കാണോ പോകുന്നത് അതോ മറ്റാരുടെയെങ്കിലും നാമ-രൂപത്തിലേക്കാണോ പോകുന്നത്? എത്ര സാധിക്കുമോ സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി ഒരു ബാബയെ ഓർമ്മിക്കണം, മറ്റെല്ലാം മറക്കണം. തന്റെ ഹൃദയത്തോട് ചോദിക്കണം എന്റെ മനസ്സ് ഒരു ബാബയെ കൂടാതെ മറ്റെവിടെയും അലയുന്നില്ലല്ലോ? ജോലി-വേല അല്ലെങ്കിൽ വീട്-കുടുംബം, മിത്ര-സംബന്ധികൾ മുതലായവയിലേക്ക് ബുദ്ധി പോകുന്നില്ലല്ലോ? അന്തർമുഖിയായി പരിശോധിക്കണം. ഇവിടെ വന്നിരിക്കുമ്പോൾ സ്വയം പരിശോധിക്കണം. ഇവിടെ ആരെങ്കിലുമൊക്കെ മുന്നിൽ യോഗത്തിൽ ഇരിക്കുന്നു, അവരും ശിവബാബയെ തന്നെയായിരിക്കും ഓർമ്മിക്കുക. ഇങ്ങനെയല്ല, തന്റെ കുട്ടികളെയായിരിക്കും ഓർമ്മിക്കുന്നത്. ഓർമ്മിക്കേണ്ടത് ശിവബാബയെ മാത്രമാണ്. ഇവിടെ ഇരിക്കുമ്പോൾ തന്നെ ശിവബാബയുടെ ഓർമ്മയായിരിക്കണം. കണ്ണ് ചിലർ പിന്നെ തുറന്നിരിക്കുന്നു അല്ലെങ്കിൽ അടച്ചിരിക്കുന്നു. ഇതാണെങ്കിൽ ബുദ്ധികൊണ്ടുള്ള വിവേകത്തിന്റെ കാര്യമാണ്. തന്റെ ഹൃദയത്തോട് ചോദിക്കണം-ബാബ എന്താണ് മനസ്സിലാക്കി തരുന്നത്. നമുക്ക് ഓർമ്മിക്കേണ്ടത് ഒരു ബാബയെയാണ്. ഇവിടെ ഇരിക്കുന്നവർ ആരാണോ, അവർ ഒരു ബാബയുടെ മാത്രം ഓർമ്മയിലായിരിക്കും. നിങ്ങളെ കാണില്ല എന്തുകൊണ്ടെന്നാൽ അവർക്ക് ആരുടെയും അവസ്ഥയെക്കുറിച്ച് അറിയുകയേ ഇല്ല. ഓരോരുത്തരുടെയും വാർത്ത ബാബയുടെ അടുക്കൽ വരുന്നുണ്ട്. ബാബയ്ക്കറിയാം ഏതേത് കുട്ടികളാണ് നല്ലത്, ആരുടെ ലൈനാണ് ക്ലിയർ. അവരുടെ ബുദ്ധിയോഗം മറ്റെവിടെയും പോകില്ല. ബുദ്ധി അലഞ്ഞുകൊണ്ടിരിക്കുന്നവരുമുണ്ട്. പിന്നീട് മുരളി കേൾക്കുന്നതിലൂടെ ശരിയായിക്കൊണ്ടിരിക്കുന്നുമുണ്ട്. അനുഭവം ചെയ്യുന്നു ഇതെന്റെ തെറ്റാണ്. എന്റെ ദൃഷ്ടിയും-വൃത്തിയും തീർത്തും തെറ്റായിരുന്നു. ഇപ്പോൾ അവ ശരിയാക്കണം. തെറ്റായ വൃത്തിയെ ഉപേക്ഷിക്കണം. ഇത് അച്ഛനാണ് മനസ്സിലാക്കി തരുന്നത്, സഹോദരങ്ങൾക്ക് പരസ്പരം മനസ്സിലാക്കി തരാൻ സാധിക്കില്ല. ബാബ മാത്രമാണ് കാണുന്നത് ഇവരുടെ ദൃഷ്ടിയും-വൃത്തിയും എങ്ങനെയാണെന്നത്. ബാബയെ തന്നെയാണ് എല്ലാവരും മനസ്സിന്റെ അവസ്ഥ കേൾപ്പിക്കുന്നത്. ശിവബാബയോട് പറയുകയാണെങ്കിൽ ദാദയും മനസ്സിലാക്കുന്നു. ഓരോരുത്തരുടെയും കേൾപ്പിക്കലിലൂടെയും, കാണുന്നതിലൂടെയും മനസ്സിലാകുന്നു. കേൾക്കാത്തിടത്തോളം എങ്ങനെ പറയാൻ സാധിക്കും ഇവർ എന്തു ചെയ്യുന്നുവെന്ന്. പ്രവർത്തിയിലൂടെ, സേവനത്തിലൂടെ മനസ്സിലാകുന്നു അതായത് ഇവർക്ക് വളരെ ദേഹ-അഭിമാനമുണ്ട്, ഇവർക്ക് കുറവാണ്, ഇവരുടെ പ്രവർത്തി ശരിയല്ല. ആരുടെയെങ്കിലും നാമ-രൂപത്തിൽ കുടുങ്ങിയിരിക്കുന്നു. ബാബ ചോദിക്കുന്നു ആരിലേക്കെങ്കിലും ബുദ്ധി പോകുന്നുണ്ടോ? ചിലർ തുറന്ന് പറയുന്നു, ചിലർ നാമ-രൂപത്തിൽ കുടുങ്ങിയിട്ടും പറയുന്നില്ല. തന്റെ തന്നെ നഷ്ടം ചെയ്യുന്നു. ബാബയോട് പറയുന്നതിലൂടെ അതിന്റെ ക്ഷമയുണ്ടാകുന്നു പിന്നീട് മുന്നോട്ട് സൂക്ഷിക്കുകയും ചെയ്യുന്നു.

ലജ്ജയാൽ തന്റെ വിചാരം തുറന്ന് പറയാത്തവരായി വളരെ പേരുണ്ട്. ഏതുപോലെയാണോ ചിലർ തലതിരിഞ്ഞ് പ്രവർത്തിക്കുകയാണെങ്കിൽ ഡോക്ടറോട് പറയാതിരിക്കുന്നത്, എന്നാൽ മറയ്ക്കുന്നതിലൂടെ രോഗം കൂടുതൽ വർധിക്കും. ഇവിടെയും ഇങ്ങനെയാണ്. ബാബയോട് പറയുന്നതിലൂടെ ഭാരം കുറയുന്നു. അല്ലെങ്കിൽ അത് ഉള്ളിലിട്ട് ഭാരമുള്ളവരാകുന്നു. ബാബയെ കേൾപ്പിക്കുന്നതിലൂടെ പിന്നീട് വീണ്ടും അങ്ങനെ ചെയ്യാതിരിക്കും. ഭാവിയിൽ തന്റെ മേൽ ജാഗ്രതയുള്ളവരുമായിരിക്കും. ഇനി പറഞ്ഞില്ലെങ്കിൽ അത് വർധിച്ചുകൊണ്ടിരിക്കും. ബാബ അറിയുന്നുണ്ട് ഇവർ വളരെ സേവനയുക്തരാണ്, യോഗ്യത എന്താണ്, സേവനത്തിലും എങ്ങനെയാണിരിക്കുന്നത്? ആരോടൊപ്പവും ഉടക്കിയിട്ടില്ലല്ലോ? ഓരോരുത്തരുടെയും ജാതകം നോക്കുന്നു, പിന്നീട് ഇത്രയും അവരോട് സ്നേഹം വയ്ക്കുന്നു. ആകർഷിക്കുന്നു. ചിലർ വളരെ നല്ല സേവനം ചെയ്യുന്നുണ്ട്. ഒരിക്കൽ പോലും അവരുടെ ബുദ്ധിയോഗം എവിടേക്കും പോകുന്നില്ല. ഹാ, മുൻപ് പോയിരുന്നു, ഇപ്പോൾ ജാഗ്രതയുള്ളവരാണ്. പറയുന്നു–ബാബാ, ഇപ്പോൾ ഞാൻ ജാഗരൂകനാണ്. മുൻപ് വളരെ തെറ്റ് ചെയ്തിരുന്നു. മനസ്സിലാക്കുന്നു ദേഹ–അഭിമാനത്തിൽ വരുന്നതിലൂടെ തെറ്റുകൾ മാത്രമാണ് ഉണ്ടാകുക. പിന്നീട് പദവിയും ഭ്രഷ്ടമാകും. ആരും അറിയുന്നില്ല, എന്നാലും പദവി അത് ഭ്രഷ്ടമാകുക തന്നെ ചെയ്യും.ഇതിൽ വളരെ  ഹൃദയശുദ്ധി വേണം അപ്പോഴാണ് ഉയർന്ന പദവി നേടുക. അവരുടെ ബുദ്ധിയിൽ വളരെ ശുദ്ധത ഉണ്ടായിരിക്കും, ഏതുപോലെയാണോ ഈ ലക്ഷ്മീ–നാരായണന്റെ ആത്മാവിൽ ശുദ്ധിയില്ലേ, അപ്പോഴല്ലേ ഉയർന്ന പദവി നേടിയത്. ചിലർക്ക് മനസ്സിലാക്കി കൊടുക്കുന്നു ഇവരുടെ വൃത്തി നാമ–രൂപത്തിലേക്ക് പോകുന്നുണ്ട്, ദേഹീ–അഭിമാനിയായി കഴിയുന്നില്ല, ഈ കാരണത്താൽ പദവിയും കുറഞ്ഞിരിക്കുന്നു. രാജാവിൽ നിന്ന് യാചകൻ വരെ, നമ്പർവൈസ് പദവികളില്ലേ. ഇത് എന്തുകൊണ്ടാണ് ഉണ്ടാകുന്നത്, ഇതും മനസ്സിലാക്കണം. തീർച്ചയായും നമ്പർവൈസായി തന്നെയാണ് മാറുന്നത്. കലകൾ കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ആരാണോ 16 കലാ സമ്പൂർണ്ണർ അവർ പിന്നീട് 14 കലയിലേക്ക് വരുന്നു. ഇങ്ങനെ കുറച്ച്–കുറച്ച് കുറഞ്ഞ് കുറഞ്ഞ് കലകൾ അത് തീർച്ചയായും ഇറങ്ങുന്നു. 14 കല അതും നല്ലതാണ് പിന്നീട് വാമമാർഗ്ഗത്തിലേക്ക് ഇറങ്ങുമ്പോൾ വികാരിയാകുന്നു, ആയുസ്സ് തന്നെ കുറയുന്നു. പിന്നീട് രജോയും, തമോഗുണിയുമാകുന്നു. കുറഞ്ഞ് കുറഞ്ഞ് പഴയതാകുന്നു. ആത്മാവ് ശരീരത്തെക്കാളും പഴയതാകുന്നു. ഈ മുഴുവൻ ജ്ഞാനവും ഇപ്പോൾ നിങ്ങൾ കുട്ടികളിലുണ്ട്. എങ്ങനെയാണ് 16 കലയിൽ നിന്ന് താഴേക്ക് ഇറങ്ങിയിറങ്ങി പിന്നിട് മനുഷ്യനാകുന്നത്. ദേവതകളുടെ മതമേയില്ല. ബാബയുടെ മതം ലഭിച്ചു പിന്നീട് 21 ജന്മം മതം ലഭിക്കേണ്ടതിന്റെ ആവശ്യം തന്നെയില്ല. ഈ ഈശ്വരീയ മതം നിങ്ങളുടെ 21 ജന്മം നടക്കുന്നു. പിന്നീടെപ്പോഴാണോ രാവണ രാജ്യമാകുന്നത് അപ്പോൾ നിങ്ങൾക്ക് രാവണ മതം ലഭിക്കുന്നു. ദേവതകൾ വാമമാർഗ്ഗത്തിലേക്ക് പോകുന്നത് കാണിക്കുന്നുമുണ്ട്. മറ്റ് ധർമ്മത്തിലുള്ളവർക്ക് ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകുന്നില്ല. ദേവതകൾ എപ്പോഴാണോ വാമമാർഗ്ഗത്തിലേക്ക് പോകുന്നത് അപ്പോഴാണ് മറ്റ് ധർമ്മത്തിലുള്ളവർ വരുന്നത്.

ബാബ മനസ്സിലാക്കി തരുന്നു – കുട്ടികളെ, ഇപ്പോൾ നിങ്ങൾക്ക് തിരിച്ച് പോകണം. ഇത് പഴയ ലോകമാണ്. ഡ്രാമയിൽ ഇതും എന്റെ പാർട്ടാണ്– പഴയ ലോകത്തെ പുതിയതാക്കുക, ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട്. ലോകത്തിലെ മനുഷ്യരാണെങ്കിൽ ഒന്നും അറിയുന്നില്ല. നിങ്ങൾ ഇത്രയും മനസ്സിലാക്കി കൊടുക്കുന്നു എന്നിട്ടും ചിലർ നല്ല താൽപര്യം കാണിക്കുന്നു, ചിലരാണെങ്കിൽ തന്റെ തന്നെ മതം നൽകുന്നു. ഈ ലക്ഷ്മീ–നാരായണൻ എപ്പോഴാണോ ഉണ്ടായിരുന്നത്, അപ്പോൾ പവിത്രത, സുഖം, ശാന്തി എല്ലാം ഉണ്ടായിരുന്നു. പവിത്രത തന്നെയാണ് മുഖ്യമായ കാര്യം. സത്യയുഗത്തിൽ ദേവതകൾ പവിത്രമായിരുന്നു എന്നത് മനുഷ്യർക്കറിയില്ല. അവർ കരുതുന്നത് ദേവതകൾക്കും കുട്ടികളെല്ലാം ഉണ്ടായിരുന്നല്ലോ, എന്നാൽ അവിടെ എങ്ങനെയാണ് യോഗബലത്തിലൂടെ ജന്മമുണ്ടാകുന്നത്, ഇത് ആർക്കും തന്നെ അറിയില്ല. പറയുന്നു മുഴുവൻ ആയുസ്സും പവിത്രമായിരിക്കുകയാണെങ്കിൽ പിന്നീട് കുട്ടികളെങ്ങനെ ഉണ്ടാകും. അവർക്ക് മനസ്സിലാക്കി കൊടുക്കണം ഈ സമയം പവിത്രമായിരിക്കുകയാണെങ്കിൽ പിന്നീട് നമ്മൾ 21 ജന്മം പവിത്രമായിരിക്കും. അർത്ഥം ശ്രീമത്തിലൂടെ നമ്മൾ നിർവ്വികാരി ലോകം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ശ്രീമതം മാത്രമാണ് ബാബയുടേത്. മഹിമയുമുണ്ട് മനുഷ്യനിൽ നിന്ന് ദേവത... ഇപ്പോൾ എല്ലാവരും മനുഷ്യരാണ് അവർ പിന്നീട് ദേവതയാകുന്നു. ഇപ്പോൾ ശ്രീമത്തിലൂടെ നമ്മൾ ദൈവീക ഭരണകൂടം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിൽ പവിത്രത അത് വളരെ മുഖ്യമാണ്. ആത്മാവിന് തന്നെയാണ് പാവിത്രമാകേണ്ടത്. ആത്മാവ് തന്നെയാണ് കല്ലുബുദ്ധിയായിരിക്കുന്നത്, തീർത്തും വ്യക്തമായി പറഞ്ഞ്കൊടുക്കൂ. ബാബ തന്നെയാണ് സത്യയുഗീ ദൈവീക ഭരണകൂടം സ്ഥാപിച്ചിരുന്നത്, അതിനെ സ്വർഗ്ഗമെന്ന് പറുന്നു. മനുഷ്യനെ ദേവതയാക്കി ബാബ തന്നെയാണ് മാറ്റിയത്. മനുഷ്യർ പതിതരായിരുന്നു, അവരെ എങ്ങനെയാണ് പതിതത്തിൽ നിന്ന് പാവനമാക്കിയത്? കുട്ടികളോട് പറഞ്ഞു–എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങൾ പാവനമാകും. ഈ കാര്യം നിങ്ങൾ ആരെ കേൾപ്പിക്കുകയാണെങ്കിലും ഉള്ളിൽ ഏൽക്കും. ഇപ്പോൾ പതിതത്തിൽ നിന്ന് എങ്ങനെ പാവനമാകും? തീർച്ചയായും ബാബയെ

ഓർമ്മിക്കേണ്ടി വരും. മറ്റെല്ലാ ബുദ്ധിയോഗ സംഗവും മുറിച്ച് ഒരു സംഗം ചേർക്കണം അപ്പോൾ മാത്രമാണ് മനുഷ്യനിൽ നിന്ന് ദേവതയാകാൻ സാധിക്കുക. ഇങ്ങനെ മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ എന്താണോ മനസ്സിലാക്കി കൊടുത്തത് അത് ഡ്രാമയനുസരിച്ച് തീർത്തും ശരിയായിരുന്നു. ഇത് മനസ്സിലാക്കുന്നുണ്ട് എങ്കിലും ദിനം-പ്രതിദിനം പോയന്റുകൾ മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി ലഭിച്ചുകൊണ്ടിരിക്കുന്നു. അടിസ്ഥാനമായ കാര്യം തന്നെ ഇതാണ് അതായത് നമ്മൾ എങ്ങനെ പതിതത്തിൽ നിന്ന് പാവനമാകും! ബാബ പറയുന്നു ദേഹത്തിന്റെ എല്ലാ ധർമ്മവും ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. ഈ പുരുഷോത്തമ സംഗമയുഗത്തെയും നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. ഇപ്പോൾ നമ്മൾ ബ്രാഹ്മണനായിരിക്കുന്നു, പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനം. ബാബ നമ്മളെ പഠിപ്പിക്കുന്നു. ബ്രാഹ്മണനാകാതെ നമ്മളെങ്ങനെ ദേവതയാകും. ഈ ബ്രഹ്മാവ് പോലും പൂർണ്ണമായി 84 ജന്മം എടുക്കുന്നു, വീണ്ടും അവർക്ക് തന്നെയാണ് ആദ്യത്തെ നമ്പർ എടുക്കേണ്ടത്. ബാബ വന്ന് പ്രവേശിക്കുന്നു. അതുകൊണ്ട് അടിസ്ഥാനമായ കാര്യം ഒന്നു മാത്രമാണ് - സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ദേഹ-അഭിമാനത്തിൽ വരുന്നതിലൂടെ എവിടെയെങ്കിലും കുടുങ്ങിയിരിക്കുന്നു. ദേഹീ-അഭിമാനിയായി എല്ലാവർക്കും മാറാനും സാധിക്കില്ല. തന്റെ പൂർണ്ണമായ പരിശോധന നടത്തൂ-ഞാൻ എവിടെയും ദേഹ-അഭിമാനത്തിൽ വരുന്നില്ലല്ലോ? എന്നിൽ നിന്ന് ഒരു വികർമ്മവും ഉണ്ടാകുന്നില്ലല്ലോ? നിയമവിരുദ്ധമായ ഒരു പെരുമാറ്റവും ഉണ്ടാകുന്നില്ലല്ലോ? വളരെ പേരിൽ നിന്ന് ഉണ്ടാകുന്നുണ്ട്. അവർ അന്തിമത്തിൽ വളരെ ശിക്ഷക്ക് പാത്രമാകും. ഇപ്പോൾ കർമ്മതീത അവസ്ഥ ആയിട്ടില്ല. കർമ്മതീത അവസ്ഥയായവരുടെ എല്ലാ ദുഃഖങ്ങളും ദൂരെയാകുന്നു. ശിക്ഷകളിൽ നിന്നും മുക്തമാകുന്നു. ചിന്തിച്ച് നോക്കുമ്പോൾ - സംഖ്യാക്രമത്തിലുള്ള രാജാക്കൻമാർ ഉണ്ടാകുന്നു. തീർച്ചയായും ചിലരുടെ പുരുഷാർത്ഥം കുറവായിരിക്കും, ആ കാരണത്താൽ ശിക്ഷ അനുഭവിക്കേണ്ടി വരുന്നു. ആത്മാവ് തന്നെയാണ് ഗർഭ ജയിലിൽ ശിക്ഷ അനുഭവിക്കുന്നത്. ആത്മാവ് എപ്പോഴാണോ ഗർഭ ജയിലിലായിരിക്കുന്നത് അപ്പോൾ പറയുന്നു എന്നെ പുറത്ത് വിടൂ ഇനി ഞാൻ പാപ കർമ്മം ചെയ്യില്ല. ആത്മാവ് തന്നെയാണ് ശിക്ഷ അനുഭവിക്കുന്നത്. ആത്മാവ് തന്നെയാണ് കർമ്മ വികർമ്മം ചെയ്യുന്നത്. ഈ ശരീരം ഒന്നിനും പറ്റിയതല്ല. അതുകൊണ്ട് മുഖ്യമായ കാര്യമാണ് സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കണം. തിരിച്ചറിയണം എല്ലാം ആത്മാവാണ് ചെയ്യുന്നത്. ഇപ്പോൾ നിങ്ങൾ എല്ലാ ആത്മാക്കൾക്കും തിരിച്ച് പോകണം അപ്പോൾ മാത്രമാണ് ഈ ജ്ഞാനം ലഭിക്കുന്നത്. പിന്നീടൊരിക്കലും ഈ ജ്ഞാനം ലഭിക്കില്ല. ആത്മ-അഭിമാനി എല്ലാവരെയും സഹോദര-സഹോദരനായി മാത്രം കാണും. ശരീരത്തിന്റെ കാര്യം ഉണ്ടായിരിക്കില്ല. ആത്മാവായാൽ പിന്നീട് ശരീരത്തിൽ മോഹമുണ്ടായിരിക്കില്ല അതുകൊണ്ടാണ് ബാബ പറയുന്നത് ഇത് വളരെ ഉയർന്ന സ്റ്റേജാണ്. സഹോദരി-സഹോദരനിൽ കുടുങ്ങുകയാണെങ്കിൽ വളരെ ഡിസ്സർവ്വീസ് ചെയ്യുന്നു. ആത്മ-അഭിമാനിയായി ഭവിക്കുക, ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. പഠിത്തത്തിലും വിഷയങ്ങൾ ഉണ്ടാകാറുണ്ട്. മനസ്സിലാക്കും ഞാൻ ഇതിൽ പരാജയപ്പെടും. പരാജയപ്പെടുന്നത് കാരണം മറ്റ് വിഷയങ്ങളിലും തണുത്തുപോകുന്നു. ഇപ്പോൾ നിങ്ങളുടെ ആത്മാവ് ബുദ്ധിയോഗ ബലത്തിലൂടെ സ്വർണ്ണപാത്രമായി തീരുന്നു. യോഗമില്ലെങ്കിൽ ജ്ഞാനവും കുറവ്, ആ ശക്തിയും ഉണ്ടായിരിക്കില്ല. യോഗത്തിന്റെ മൂർച്ചയില്ല, ഇത് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ബാബ മനസ്സിലാക്കി തരുന്നു കുട്ടികൾക്ക് തന്റെ അവസ്ഥ എത്ര വർദ്ധിപ്പിക്കണം. നോക്കണം ഞാൻ ആത്മാവ് മുഴുവൻ ദിവസത്തിലും നിയമ വിരുദ്ധമായ ഒരു കർമ്മവും ചെയ്യുന്നില്ലല്ലോ. ഇങ്ങനെയുള്ള എന്തെങ്കിലും ശീലമുണ്ടെങ്കിൽ പെട്ടന്ന് തന്നെ ഉപേക്ഷിക്കണം. എന്നാൽ മായ വീണ്ടും രണ്ടാംദിവസവും മൂന്നാം ദിവസവും തെറ്റ് ചെയ്യിപ്പിക്കുന്നു. ഇങ്ങനെയുള്ള സൂക്ഷ്മമായ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു, ഇതെല്ലാം ഗുപ്തമായ ജ്ഞാനമാണ്. മനുഷ്യർ എന്തറിയുന്നു. നിങ്ങൾ പറയുന്നു ഞങ്ങൾ ഞങ്ങളുടെ തന്നെ ചിലവുപയോഗിച്ച് എല്ലാം ചെയ്യുന്നു. മറ്റുള്ളവരുടെ ചിലവുപയോഗിച്ച് എങ്ങനെ ഉണ്ടാക്കും അതുകൊണ്ടാണ് ബാബ എപ്പോഴും പറയുന്നത്-യാചിക്കുന്നതിനെക്കാളും നല്ലത് മരിക്കുന്നതാണ്. സഹജമായി ലഭിക്കുകയാണെങ്കിൽ പാലിന് സമാനമാണ്, ചോദിച്ച് നേടിയതാണെങ്കിൽ വെള്ളം. ചോദിച്ച് ആരിൽ നിന്നെങ്കിലും എടുക്കുകയാണെങ്കിൽ അവർ വേറെ വഴിയില്ലാതെ ചോദിച്ചതിനാൽ കാശിയിൽ ആത്മഹത്യചെയ്യുന്നത് പോലെയാണ് തരുന്നത്, അതുകൊണ്ട് അത് വെള്ളമാകുന്നു. പിടിച്ചെടുത്തതാണെങ്കിൽ രക്തം പോലെയാണ്. . . പലരും വളരെ ബുദ്ധിമുട്ടിക്കുന്നു, കടമെടുപ്പിക്കുന്നു അപ്പോൾ അത് രക്ത സമാനമാകുന്നു. കടമെടുക്കേണ്ട ഇങ്ങനെയുള്ള ഒരാവശ്യവുമില്ല. ദാനം നൽകിയിട്ട് പിന്നീട് തിരിച്ചെടുക്കുക, അതിൽ തന്നെയാണ് ഹരിശ്ചന്ദ്രന്റെ ഉദാഹരണമുള്ളത്. ഇങ്ങനെയും ചെയ്യരുത്. ഉള്ളത് പങ്ക് വയ്ക്കൂ, അത് നിങ്ങൾക്ക് ഉപകാരത്തിലും വരും. കുട്ടികൾക്ക് പുരുഷാർത്ഥം ഇത്രയും ചെയ്യണം അന്തിമത്തിൽ ബാബയുടെ തന്നെ ഓർമ്മയായിരിക്കണം സ്വദർശന ചക്രവും ഓർമ്മയുണ്ടായിരിക്കണം, അപ്പോൾ പ്രാണൻ ശരീരത്തിൽ നിന്ന് പോകണം. അപ്പോൾ മാത്രമേ ചക്രവർത്തീ രാജാവാകാൻ സാധിക്കൂ. ഇങ്ങനെയല്ല- അന്തിമത്തിൽ ഓർമ്മിക്കാൻ സാധിക്കുമല്ലോ, ആ സമയം ഇങ്ങനെയുള്ള അവസ്ഥയാകും. ഇല്ല, ഇപ്പോൾ മുതൽ പുരുഷാർത്ഥം ചെയ്ത്-ചെയ്ത് ആ അവസ്ഥയെ

അന്ത്യം വരെ ശരിയാക്കണം. അന്തിമത്തിൽ വൃത്തി മറ്റെവിടേക്കെങ്കിലും പോകാനിടവരരുത്. ഓർമ്മിക്കുന്നതിലൂടെ തന്നെ പാപം മുറിഞ്ഞുകൊണ്ടിരിക്കും.

നിങ്ങൾ കുട്ടികൾക്കറിയാം പവിത്രതയുടെ കാര്യത്തിൽ തന്നെയാണ് പരിശ്രമമുള്ളത്. പഠിത്തത്തിൽ ഇത്രയും പരിശ്രമമില്ല. ഇതിൽ കുട്ടികളുടെ നല്ല ശ്രദ്ധ വേണം. അപ്പോഴാണ് ബാബ പറയുന്നത് ദിവസവും സ്വയത്തോട് ചോദിക്കൂ- ഞാൻ നിയമ വിരുദ്ധമായി ഒരു കർമ്മവും ചെയ്തില്ലല്ലോ? നാമരൂപത്തിൽ കുടുങ്ങുന്നില്ലല്ലോ? ആരെയും കണ്ട് മോഹിയാകുന്നില്ലല്ലോ? കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു നിയമവിരുദ്ധമായ ഒരു കർമ്മവും ചെയ്യുന്നില്ലല്ലോ? പഴയ പതിത ശരീരത്തോട് തീർത്തും പ്രേമമുണ്ടായിരിക്കരുത്. അതും ദേഹ-അഭിമാനമാകുന്നു. അനാസക്തമായി കഴിയണം. സത്യമായ സ്നേഹം ഒരാളോട്, ബാക്കി എല്ലാവരോടും അനാസക്തമായ സ്നേഹം. ഇനി കുട്ടികളെല്ലാം ഉണ്ടാകട്ടെ എന്നാൽ ആരിലും ആസക്തി ഉണ്ടാകരുത്. അറിയാം ഇതെന്തെല്ലാമാണോ കാണുന്നത്, എല്ലാം ഇല്ലാതാകും. അപ്പോൾ അതിൽ നിന്നെല്ലാമുള്ള മുഴുവൻ സ്നേഹവും ഇല്ലാതാകുന്നു. ഒന്നിൽ മാത്രം സ്നേഹമുണ്ടാകുന്നു, ബാക്കി നാമ മാത്രം, അനാസക്തം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ വൃത്തിയെ വളരെ ശുദ്ധം, പവിത്രമാക്കണം. ഒരു നിയമവിരുദ്ധമായ തലതിരിഞ്ഞ കർമ്മവും ചെയ്യരുത്. വളരെ-വളരെ ജാഗ്രതയുള്ളവരായി കഴിയണം. ബുദ്ധി എവിടെയും കുടുക്കരുത്.

2) സത്യമായ സ്നേഹം ഒരു ബാബയിൽ വയ്ക്കണം, ബാക്കി എല്ലാവരിൽ നിന്നും അനാസക്തം, നാമ മാത്രം സ്നേഹമായിരിക്കണം. ആത്മ-അഭിമാനി സ്റ്റേജ് ഇങ്ങനെയാക്കണം ശരീരത്തിൽ പോലും മമത്വം ഉണ്ടായിരിക്കരുത്.

### വരദാനം:- സ്വരാജ്യത്തിന്റെ സംസ്ക്കാരങ്ങളിലൂടെ ഭാവി രാജ്യ അധികാരം പ്രാപ്തമാക്കുന്ന ഭാഗ്യവാൻ ആത്മാവായി ഭവിക്കൂ

വളരെക്കാലത്തെ സ്വരാജ്യ അധികാരിയാകുന്നതിന്റെ സംസ്ക്കാരം വളരെക്കാലം ഭാവിരാജ്യ അധികാരിയാക്കും. അഥവാ വീണ്ടും-വീണ്ടും വശീഭൂതമാകുന്നുണ്ടെങ്കിൽ, അധികാരിയാകുന്നതിന്റെ സംസ്ക്കാരമില്ലെങ്കിൽ രാജ്യ അധികാരികളുടെ രാജ്യത്തിൽ കഴിയും, രാജ്യഭാഗ്യം പ്രാപ്തമാകുകയില്ല. അതുകൊണ്ട് ജ്ഞാനത്തിന്റെ ദപ്പണത്തിൽ തന്റെ ഭാഗ്യത്തിന്റെ മുഖം നോക്കൂ വളരെക്കാലത്തെ അഭ്യാസത്തിലൂടെ തന്റെ വിശേഷ സഹയോഗി കർമ്മചാരി അഥവാ രാജ്യ സേവകരായ കൂട്ടാളികളെ തന്റെ അധികാരത്തിൽ നടത്തൂ. രാജാവാകൂ അപ്പോൾ പറയും ഭാഗ്യവാൻ ആത്മാവ്.

### സ്ലോഗൻ:- സാകാശ് നൽകുന്നതിന്റെ സേവനം ചെയ്യുന്നതിന് വേണ്ടി പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയെ ഉണർത്തൂ.